# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1279 — 11.02.2016 ൽ - മറുപടിക്ക്

## സമ്പൂർണ്ണ ബയോമെട്രിക് ഐഡന്റിഫിക്കേഷൻ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. കെ. ബഷീർ : | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സമ്പൂർണ്ണ ബയോമെട്രിക് ഐഡന്റിഫി ക്കേഷൻ അടിസ്ഥാനമാക്കിയുളള പൊതു വിതരണ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ടോ ; | (എ) | ആധാർ അധിഷ്ഠിതമായോ സ്മാർട്ട് കാർഡ് പോലുളള ബദൽ മാർഗ്ഗങ്ങളുപയോഗിച്ചോ പൊതുവിതരണ സമ്പ്രദായത്തിന്റെ ആദ്യന്ത കമ്പ്യൂട്ടർവൽക്കരണ പദ്ധതി നടപ്പാക്കുന്നതിന് 31.05.14 ലെ സ.ഉ(കൈ)നം.18/14/ ഭ.സി.സ.വ പ്രകാരം തീരുമാനമായിട്ടുണ്ട്. റേഷൻകാർഡ് പുതുക്കലിനോടനുബന്ധിച്ച് ഗുണഭോക്താക്കളുടെ ആധാർ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. സമ്പൂർണ്ണ ബയോമെട്രിക് ഐഡന്റിഫിക്കേഷൻ സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല. |
| (ബി) എങ്കിൽ അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ ; | (ബി) | ഓരോ ഗുണഭോക്താവിനെയും ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് അർഹമായ വിഹിതം കൃത്യമായി ലഭിക്കുന്നുണ്ട് എന്നുറപ്പ് വരുത്താൻ സാധിക്കും. ഇതുമൂലം റേഷൻ സാധനങ്ങളുടെ ക്രമക്കേടുകൾ പൂർണ്ണമായും തടയാൻ സാധിക്കുന്നതോടൊപ്പം ഒന്നിലേറെ കാർഡിൽ ഒരേയാൾ തന്നെ അംഗമാകുന്നത് തടയാനും സാധിക്കും. ഇപ്രകാരം ഡീ-ഡ്യൂപ്ലിക്കേഷൻ നടത്തിയ ഒരു സമ്പൂർണ്ണ ഡാറ്റാ ബേസ് സിവിൽ സപ്ലൈസ് വകുപ്പിന് സ്വന്തമാകും. ഈ ഡാറ്റാബേസ് മറ്റു വകുപ്പുകൾക്കും പങ്ക് വയ്ക്കാവുന്നതും വിവിധ പദ്ധതികളുടെ ഗുണഫലങ്ങൾ |

യഥാർത്ഥ വ്യക്തിക്കു തന്നെ ലഭിക്കുന്നു എന്നുറപ്പു വരുത്തുന്നതിനും സാധിക്കും. പൊതുവിതരണ സമ്പ്രദായത്തിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം സാദ്ധ്യമാകുമ്പോൾ ഒരു ഗുണഭോക്താവിന് അർഹതപ്പെട്ട വിഹിതം മുഴുവൻ ലഭിക്കുന്നു എന്നുറപ്പ് വരുത്താൻ സാധിക്കുന്നതോടൊപ്പം അർഹതപ്പെട്ട വിഹിതം, നിരക്കുകൾ, കൈപ്പറ്റിയതും, കൈപ്പറ്റാൻ അവശേഷിക്കുന്നതുമായ വിഹിതം തുടങ്ങിയവ നേരിട്ട് മനസിലാക്കാനും സാധിക്കും.

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

(സി) മുഴുവൻ കാർഡുകളും പുതുക്കുന്നതോടനുബന്ധിച്ച് ഗുണഭോക്താക്കളുടെ ആധാർ വിവരങ്ങളും മറ്റ് സാമൂഹ്യ സാമ്പത്തിക വിവരങ്ങളും ശേഖരിച്ച് ഡേറ്റാ എൻട്രി നടത്തി പൂർത്തിയാക്കിയിട്ടുണ്ട്. ഡാറ്റാ വെരിഫിക്കേഷൻ പൂർത്തിയായ ശേഷം മുൻഗണനാ പട്ടിക തയ്യാറാക്കുന്നതാണ്. തിരുവനന്തപുരം, എറണാകുളം ജില്ലകളിലായി 22 റേഷൻ കടകളിൽ പൈലറ്റ് പദ്ധതി നടന്നു വരുന്നു. ഈ കടകളിൽ വിവിധ മാതൃകയിലുള്ള ഇ-പോസ് മെഷീനുകൾ സ്ഥാപിച്ച് ബയോമെട്രിക് അധിഷ്ഠിതമായും അല്ലാതെയും ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് റേഷൻ വിതരണം നടത്തുന്ന പദ്ധതി പരിശോധിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ